"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - കോഴിക്കോട് ഉത്തര മേഖലാ ഓഫീസ് കുന്ദമംഗലം സിവിൽ സ്റ്റേഷനിലേക്ക് മാറ്റുന്നതിന് കയറ്റിറക്കു കൂലി ഇനത്തിൽ ചിലവ് വരുന്ന തുക അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂഎ) വകുപ്പ്

G.O.(Rt) No.233/2021/LSGD തീയതി, തിരുവനന്തപുരം, 28/01/2021

---

പരാമർശം:- തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 17.11.2020, 30.12.2020 എന്നീ തീയതികളിലെ ഡി.ബി4/15230/2017/സി.ഇ/എൽ.ഐ.ഡി & ഇ.ഡബ്ല്യൂ നമ്പർ കത്ത്.

<u>ഉത്തരവ്</u>

തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ കോഴിക്കോട് ഉത്തര മേഖലാ ഓഫീസ് നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടം പൊളിച്ചു മാറ്റി പൊതുമരാമത്ത് വകുപ്പ് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി ആരംഭിച്ചതിനാൽ സർക്കാർ നിർദ്ദേശ പ്രകാരം കുന്ദമംഗലം സിവിൽ സ്റ്റേഷനിലേക്ക് ടി ഓഫീസ് മാറ്റുന്നതിലുള്ള നടപടികൾ തുടങ്ങിയിരിക്കു ന്നതിനാൽ, ടി സ്ഥലത്തേക്ക് ഓഫീസ് മാറ്റുമ്പോൾ ഫർണീച്ചറുകൾ കയറ്റിറക്കു കൂലി കൂടാതെ മാറ്റുന്നതിന് 60,000/- രൂപയുടെ ചിലവ് വരുമെന്ന് പാർസൽ സർവ്വീസ് അറിയിച്ചിട്ടുണ്ട് എന്നും, "2515-00-001-91-05-04" എന്ന ശീർഷകത്തിൽ, 2020-21 സാമ്പത്തിക വർഷത്തിൽ ആകെ 2,70,000/- രൂപ വകയിരുത്തിയിട്ടുള്ളതിൽ, 85,000/- രൂപ നീക്കിയിരിപ്പുണ്ട് എന്നും, ആയതിനാൽ ടി തുകയിൽ നിന്നും 60,000/- രൂപ പ്രസ്തുത പ്രവൃത്തിയ്ക്കായി അനുവദിക്കുന്നതിനുള്ള പ്രത്യേക അനുമതി നൽകണമെന്നും ചീഫ് എഞ്ചിനീയർ അപേക്ഷിക്കുകയുണ്ടായി.

ചീഫ് എഞ്ചിനീയരുടെ പ്രസ്തുത അപേക്ഷ പരിഗണിച്ച്, കോഴിക്കോട് ഉത്തര മേഖലാ ഓഫീസ് കുന്ദമംഗലം സിവിൽ സ്റ്റേഷനിലേക്ക് മാറ്റുമ്പോൾ, ഫർണിച്ചറുകൾ കയറ്റിറക്കു കൂലി കൂടാതെ മാറ്റുന്നതിനായി ചിലവ് വരുന്ന 60,000/- രൂപ, 2020-21 സാമ്പത്തിക വർഷത്തിലെ "2515-00-001-91-05-04" എന്ന ശീർഷകത്തിൽ നീക്കിയിരിപ്പുള്ള തുകയിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GOPAKUMAR U
UNDER SECRETARY

പകർപ്പ് :

1. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. സൂപ്രണ്ടിംഗ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി ഉത്തര മേഖലാ ഓഫീസ്, കോഴിക്കോട്
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
6. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signature valid

Digitally signed by
SREEKANTH G
Date: 2021.01.28 15:55:22 IST
Reason: Approved

സെക്ഷൻ ഓഫീസർ